**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3731**
**21.06.2018 ലെ മറുപടിക്ക്**

## ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുവാൻ ഭരണാനുമതി

| | ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2017-18 വർഷത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുവാനുള്ള പ്രൊപ്പോസലുകൾ ഭരണാനുമതി ലഭിക്കാതെ ജില്ല കളക്ടറേറ്റുകളിൽ മുടങ്ങിക്കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് . |
| (ബി) | എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ച് എത്രയും പെട്ടെന്ന് ഭരണാനുമതി ലഭ്യമാക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;വിശദവിവരം നൽകുമോ? | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് പ്രധാനമായും അക്രഡിറ്റഡ് ഏജൻസികളാണ്. എന്നാൽ പ്രവൃത്തി നടപ്പാക്കുന്ന അക്രഡിറ്റഡ് ഏജൻസികൾ വ്യത്യസ്ത നിരക്കുകളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യത്തിൽ ഒരു പൊതുവായ മാനദണ്ഡം കൊണ്ടുവരാനാണ് ധനകാര്യ വകുപ്പ് ശ്രമിച്ചത്. ആയതനുസരിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾക്കുള്ള സ്പെസിഫിക്കേഷനും പുതുക്കിയ നിരക്കുകളും തയ്യാറാക്കാൻ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചീഫ് എഞ്ചിനീയർ ആയത് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ നിരക്കുകൾ/സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കുന്ന ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ